# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 359 — 24.06.2014 ലെ മറുപടിയ്ക്ക്

## ലോട്ടറി ഘടനയിലെ മാറ്റവും തൊഴിലാളി പ്രശ്നങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ. ബി.ഡി. ദേവസ്സി : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ലോട്ടറി നടത്തിപ്പിൽ അധികൃതർ എടുത്തുവരുന്ന ചില നടപടികൾ ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന തരത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഭാഗ്യക്കുറികളുടെ വില വർദ്ധിപ്പിച്ചതിനാൽ ഏജന്റുമാരുടേയും വില്പനക്കാരുടെയും കൈവശം ടിക്കറ്റുകൾ വിൽക്കപ്പെടാതെ കെട്ടിക്കിടക്കുകയാണെന്നും തന്മൂലം ലോട്ടറി തൊഴിലാളികൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും കേരള ഭാഗ്യക്കുറി സംരക്ഷണ സമിതി എന്ന സംഘടന നൽകിയ നിവേദനത്തിൽ ആക്ഷേപം ഉന്നയിച്ചിരുന്നു. |
| (ബി) | ലോട്ടറി നടത്തിപ്പിന്റെ ഇപ്പോഴുള്ള ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നത് സർക്കാരിന്റെ അറിവോടുകൂടിയാണോ എന്ന് വ്യക്തമാക്കാമോ ; | (ബി) | ഭാഗ്യക്കുറികളുടെ വില വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള സമ്മാന ഘടനാ പരിഷ്ക്കരണം, സർക്കാരിന്റെ അനുമതിയോടെ ഗസറ്റിൽ വിജ്ഞാപനം ചെയ്തതിനു ശേഷമാണ് പ്രാബല്യത്തിൽ വരുത്തുന്നത്. |
| (സി) | ടിക്കറ്റ് ചാർജ്ജിൽ ഇടക്കാലത്ത് വർദ്ധന നടപ്പാക്കിയതും സമ്മാനഘടനയിൽ മാറ്റം വരുത്തിയതും ടിക്കറ്റ് വില്പനയിൽ കുറവ് വരുത്തിയത് ഈ മേഖലയിൽ നിന്ന് ഉപജീവനം നടത്തുന്നവരെ സാരമായി ബാധിച്ചതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (സി) | പരിശോധിച്ചിട്ടുണ്ട്. ഭാഗ്യക്കുറികളുടെ വില വർദ്ധിപ്പിച്ചതിനാൽ ഏജന്റുമാരുടേയും വില്പനക്കാരുടെയും കൈവശം ടിക്കറ്റുകൾ വിൽക്കപ്പെടാതെ കെട്ടിക്കിടക്കുകയാണെന്നും തന്മൂലം ലോട്ടറി തൊഴിലാളികൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും കേരള ഭാഗ്യക്കുറി സംരക്ഷണസമിതി എന്ന സംഘടന നിവേദനം സമർപ്പിച്ചിരുന്നു. 20/- രൂപ ഭാഗ്യക്കുറികളുടെ വില 30/- രൂപയായി വർദ്ധിപ്പിച്ചതോടൊപ്പം അച്ചടി 45 ലക്ഷത്തിൽ നിന്നും 49 ലക്ഷമായി |

ഉയർത്തിയിരുന്നു. തുടക്കത്തിൽ ഇപ്രകാരം അധികമായി അച്ചടിച്ച ടിക്കറ്റുകളിൽ കുറച്ചെണ്ണം വിൽക്കപ്പെടാതെ വകുപ്പിൽ അവശേഷിച്ചിരുന്നു. എന്നാൽ ഇപ്പോൾ വിൽപ്പന വർദ്ധിച്ച് ശരാശരി 47 ലക്ഷം ടിക്കറ്റുകൾ വിൽക്കുന്നുണ്ട്. ടിക്കറ്റുവില വർദ്ധന ഈ മേഖലയിൽ നിന്നും ഉപജീവനം നടത്തുന്നവരെ സാരമായി ബാധിച്ചിട്ടില്ല എന്നാണ് അറിയുന്നത്.

(ഡി) സമ്മാന ഘടനയിൽ മാറ്റം വരുത്തുന്നതും ടിക്കറ്റ് വില വർദ്ധിപ്പിക്കുന്നതും ലോട്ടറി മേഖലയ്ക്കും ഇതിലൂടെ ഉപജീവനം നടത്തുന്നവർക്കും വിഘാതമാകാതിരിക്കുന്നതിന് എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ. വിശദാംശം വ്യക്തമാക്കുമോ?

(ഡി) വിപണിയിലെ മാറ്റങ്ങൾക്ക നുസൃതമായാണ് സമ്മാന ഘടന പരിഷ്ക്കരിക്കുന്നത്. ടിക്കറ്റു വില വർദ്ധനവ് ലോട്ടറി മേഖലയിൽ നിന്നും ഉപജീവനം നടത്തുന്നവർക്ക് വിഘാത മായിട്ടില്ല. ടിക്കറ്റ് വില വർദ്ധിപ്പിച്ചതിന് ആനുപാതികമായി സമ്മാനങ്ങ ളിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ടിക്കറ്റിന്റെ മുഖവില വർദ്ധിപ്പിച്ചപ്പോൾ 1-ാം സമ്മാനത്തുക യിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ പതിനായിരം രൂപയുടെ സമ്മാനം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സംഘടനക ളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് ടിക്കറ്റു കളുടെ ലഭ്യത കൂട്ടുന്നതിനായി പ്രതിവാര ലോട്ടറിടിക്കറ്റുകളുടെ അച്ചടി 49 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. സമ്മാന ഘടനയിൽ മാറ്റം വരുത്തുമ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഉപജീവനത്തിന് വിഘാതമാകാത്ത തരത്തിൽത്തന്നെയാണ് നടപടി സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ.